ഭരണഭാഷ-മാതൃഭാഷ

നമ്പർ :ഐസിഡിഎസ് ബി1/39936/13

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 18.06.2021

വനിതാ ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സി ഡി പി ഒ മാർക്കും

സർ,

വിഷയം : വ.ശി.വി.വ – സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി -അങ്കണവാടികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്

സൂചന (1) : 06.05.2021 തിയ്യതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത് .

(2): പത്തനംതിട്ട പി ഒ യുടെ 10.06.2021 തിയ്യതിയിലെ നമ്പർ . C 2 -390/ 2021 കത്ത്

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിഭിന്നശേഷി കുട്ടികൾക്കായി സംസ്ഥാനത്തിലെ വിവിധ പ്രോജക്ടുകളിൽ നിന്നും 142 അങ്കണവാടികളെ തെരെഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികൾക്കായുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകുകയും തെരെഞ്ഞെടുത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ സഹിതം 14.06.2021നകം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു . നാളിതുവരെ പ്രൊപ്പോസൽ സമർപ്പിക്കാത്ത ജില്ലകളിൽ നിന്നും അടിയന്തിരമായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

**ജില്ലകളിൽ നിന്നും പ്രൊപോസൽ സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.**

1. സ്പെഷ്യൽ അങ്കണവാടികളിൽ സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം സുപ്രധാനമാണ്. സ്പെഷ്യൽ അങ്കണവാടികൾക്കായി തെരെഞ്ഞെടുക്കുന്ന ഓരോ

അങ്കണവാടികളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം നൽകുന്നു . സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ നിയമനവും വേതനവും തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേനയാണ് നൽകുന്നത് . അതിനാൽ തന്നെ ഇത്തരത്തിൽ തയ്യാറായിട്ടുള്ള പഞ്ചായത്തുകളിൽ / മുൻസിപ്പാലിറ്റിയിൽ മാത്രമേ സ്പെഷ്യൽ അങ്കണവാടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ . ആയതിനാൽ സ്പെഷ്യൽ അങ്കണവാടി പ്രൊപ്പോസലിലേക്കായി തെരഞ്ഞെടുക്കുന്ന ഓരോ അങ്കണവാടികളിലും സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന ചർച്ച ചെയ്ത് ഉറപ്പുവരുത്തേണ്ടതും അത്തരത്തിൽ തയ്യാറായിട്ടുള്ള അങ്കണവാടികളാണ് CDPO മാർ ശുപാർശ ചെയ്യുന്നുവെന്നത് അതത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ് .

2. വിഭിന്ന ശേഷി കുട്ടികളുള്ളതും ടി കുട്ടികൾക്ക് എത്തിച്ചേരാൻ സൗകര്യമുള്ളതുമായ അങ്കണവാടികളെയാണ് സ്പെഷ്യൽ അങ്കണവാടികൾക്കായി തെരെഞ്ഞെടുക്കുന്നുവെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി